**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6462** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഉപഗ്രഹ ഫോണുകളുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ കളക്ട്രേറ്റുകളെയും ദേശീയ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളുമായി ഉപഗ്രഹ ഫോൺ മുഖേന ബന്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. VSAT (Lansat) ,സാറ്റലൈറ്റ് ഫോൺ എന്നിവ വഴി എല്ലാ കളക്ടറേറ്റുകളെയും സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെയും ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ കളക്ടർമാരെ കൂടാതെ ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് പ്രസ്തുത ഫോണുകളുടെ സേവനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ ജില്ലാദുരന്തനിവാരണ അതോറിറ്റികൾക്കുമാണ് ആദ്യഘട്ടത്തിൽ ഉപഗ്രഹഫോണുകൾ നൽകിയിരിക്കുന്നത്. |
| (സി) | എല്ലാ താലൂക്ക് ഓഫീസുകളിലും പ്രസ്തുത ഫോണുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | താലൂക്ക് ഓഫീസുകളിൽ നിലവിൽ സാറ്റലൈറ്റ് ഫോണുകളുടെ സേവനം ലഭ്യമല്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ദുരന്ത സാഹചര്യങ്ങളിൽ ദുരന്ത ബാധിത പ്രദേശങ്ങളിലെ നിയമസഭാ സാമാജികർക്ക് കൂടി പ്രസ്തുത ഫോണുകളുടെ സേവനം താൽക്കാലികമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ